**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം വകുപ്പ് - ജീവനക്കാര്യം- പാലക്കാട് ജില്ലയിലെ സെറികൾച്ചർ കോ ഓപ്പറേറ്റീവ് ഫെഡറേഷനിൽ ഫീൽഡ് അസിസ്റ്റന്റായിരിക്കെ മരണമടഞ്ഞ തങ്കരാജിന്റെ ഭാര്യ ശ്രീമതി. സുധാകുമാരി പി.യുവിന് എൽ.ഡി ക്ലാർക്ക് തസ്തികയിൽ പഞ്ചായത്ത് വകുപ്പിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (കൈ) നം. **14/2016/**തസ്വഭവ. തീയതി, തിരുവനന്തപുരം, 29/**01/2016.**

---

പരാമർശം :
1) സഉ(പി) 12/99/ഉഭപവ/ തീയതി 24/05/1999.
2) ശ്രീമതി. സുധാകുമാരി, അനിതാ ഭവൻ, ചിറ്റൂർ. പി.ഒ. അഗളി, പാലക്കാട്- പിൻ- 678581 സമർപ്പിച്ച 07/02/2008 , 27/10/2014 തീയതികളിലെ അപേക്ഷകൾ.
3) സെറിഫെഡ് എം.ഡിയുടെ 20/02//2008-ലെ എ (02) പിഇആർ223/2007-08/2385 നമ്പർ കത്ത്
4) പാലക്കാട് ജില്ലാ കളക്ടറുടെ 09/09/2015 ലെ എ 3-2015/13048/9 നമ്പർ കത്ത്.
5) പഞ്ചായത്ത് ഡയറക്ടറുടെ 06/01/2015 ലെ ഇ 2 -37165/2010 നമ്പർ കത്ത്.

## ഉത്തരവ്

സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പാലക്കാട് ജില്ലയിലെ സെറികൾച്ചർ കോ ഓപ്പറേറ്റീവ് ഫെഡറേഷനിൽ ഫീൽഡ് അസിസ്റ്റന്റായിരിക്കെ 09/01/2008 ൽ മരണമടഞ്ഞ തങ്കരാജിന്റെ ഭാര്യ ശ്രീമതി. സുധാകുമാരി പി.യു പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചു. പരേതനായ തങ്കരാജിന് 12 വർഷവും 18 ദിവസവും സേവനകാലമുണ്ട്.

അപേക്ഷകയായ ശ്രീമതി. പി.യു. സുധാകുമാരിയുടെ ജനനതീയതി 21/04/1973 ആണ്. ടിയാൾക്ക് 42 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക എസ്.എസ്.എൽ.സി, പ്രീഡിഗ്രി പരീക്ഷകൾ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ പാലക്കാട് ജില്ലയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിനാണ് അപേക്ഷ നൽകിയിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകയ്ക്ക് അർഹതയുണ്ട്.

സെറിഫെഡ് എം.ഡി, പാലക്കാട് ജില്ലാകളക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവർ പരാമർശം 3,4,5 ലെ കത്തുകൾ പ്രകാരം അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്. മൈനറായ രണ്ട് മക്കൾക്ക് വേണ്ടി ശ്രീമതി സുധാകുമാരി സ്വന്തം നിലയിൽ സമ്മതപത്രവും തങ്കരാജിന്റെ പിതാവ് അർജ്ജുനന്റെ മരണ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട് . കുടുംബത്തിലെ മറ്റവകാശികളാരും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നേടിയിട്ടില്ല എന്ന് പാലക്കാട് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാളുടെ വാർഷിക വരുമാനം 23000/- രൂപയാണ്.

മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ സെറികൾച്ചർ കോ ഓപ്പറേറ്റീവ് ഫെഡറേഷനിൽ ഫീൽഡ് അസിസ്റ്റന്റായിരിക്കെ മരണമടഞ്ഞ തങ്കരാജ് എന്നയാളുടെ ഭാര്യയും ആശ്രിതയുമായ ശ്രീമതി. സുധാകുമാരി പി.യു,അനിതാ ഭവൻ, ചിറ്റൂർ. പി.ഒ. അഗളി, പാലക്കാട്- പിൻ- 678581 എന്നവരുടെ വയസ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ് മുതലായവയയുടെ ഒറിജിനൽ സാക്ഷ്യപത്രങ്ങൾ എന്നിവ പരിശോധിച്ച് പരാമർശം 1 സർക്കാർ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് പഞ്ചായത്ത് വകുപ്പിൽ പാലക്കാട് ജില്ലയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ നിയമനം ആശ്രിത നിയമന വ്യവസ്ഥപ്രകാരം നിയമനം നൽകുന്നതിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളുടെ ലഭ്യതയ്ക്ക് വിധേയമായിരിക്കും.

പഞ്ചായത്ത് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപ്പറഞ്ഞ അപേക്ഷകന് നിയമനം നൽകേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

അപേക്ഷക വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നുവെന്ന് ഉത്തരവ് പുറപ്പെടുവിച്ചശേഷം എപ്പോഴെങ്കിലും വെളിവാകുന്ന പക്ഷം നിയമനത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതിന് സർക്കാരിന് പൂർണ്ണഅധികാരം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രത്നമ്മ. വി
ഗവ. ജോയിൻറ് സെക്രട്ടറി

ശ്രീമതി. സുധാകുമാരി, അനിതാ ഭവൻ, ചിറ്റൂർ. പി.ഒ. അഗളി, പാലക്കാട്- പിൻ- 678581
(രജിസ്റ്റേർഡ് തപാലിൽ)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ജില്ലാ കളക്ടർ, പാലക്കാട്.
മാനേജിംഗ് ഡയറക്ടർ, സെറികൾച്ചർ കോ ഓപ്പറേറ്റീവ് ഫെഡറേഷൻ,പാലക്കാട്
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം
Sd/-
സെക്ഷൻ ഓഫീസർ